# NUBSNLW (FNTO)
# യെ വിജയിപ്പിക്കുക

## 9–ാം റഫറണ്ടം - 2022 ഒക്ടോബർ 12

**നമ്മുടെ ചിഹ്നം ദീപം** **Sl.No. 14**

**● BSNL നെ സംരക്ഷിക്കുവാൻ ● തൊഴിലും തൊഴിലിടവും സംരക്ഷിക്കുവാൻ ● അംഗീകൃത യൂണിയനുകൾ അടിയറവുവെച്ച അവകാശങ്ങളും ആനുകൂല്യങ്ങളും തിരിച്ചുപിടിക്കാൻ ● ഒരു മാറ്റത്തിനായി സമ്മതിദാന അവകാശം വിവേകപൂർവ്വം വിനിയോഗിക്കേണ്ട നിർണ്ണായക മുഹൂർത്തം ● അടുത്ത റഫറണ്ടം 3 വർഷത്തിനു ശേഷം ● സമയം ഒട്ടും നഷ്ടപ്പെടുത്താനില്ല നമുക്ക്.**

തൊഴിലാളി സുഹൃത്തുക്കളെ,

BSNL ന്റെ അംഗീകൃത യൂണിയനുകളെ നിശ്ചയിക്കുവാൻ 2022 ഒക്ടോബർ 12 ന് നടക്കുന്ന 9-ാമത് അംഗത്വപരിശോധന അതിപ്രധാനവും ഏറെ നിർണ്ണായകവുമാണ്. BSNL അതിന്റെ ചരിത്രത്തിലെ ഏറ്റവും കടുത്ത പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. നിലനില്പിനായി സ്വകാര്യ കമ്പനികളുമായി കടുത്ത പോരാട്ടത്തിലാണ് ഇന്ന് BSNL. VRS-19 ലൂടെ 80,000 ജീവനക്കാർ VRS എടുത്തത് ഒരു വലിയ ദുരന്തമായിരുന്നു. ഒരു പൊതുമേഖലാസ്ഥാപനത്തിൽനിന്നും ഇത്രയും ജീവനക്കാർ ഒറ്റയടിക്ക് VRS എടുത്തു സർവ്വീസിൽനിന്നും വിരമിക്കുന്നത് ലോകചരിത്രത്തിൽ ആദ്യമായിട്ടാണ്. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും കമ്പനിയുടെ നിലനില്പിനും വേണ്ടി അവശേഷിക്കുന്ന ജീവനക്കാർ അഹോരാത്രം പണിയെടുക്കുകയാണ്. എന്നാൽ ദീർഘകാലമായി പരിഹരിക്കപ്പെടാതെ കിടക്കുന്ന ജീവനക്കാരുടെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അംഗീകൃതയൂണിയനുകൾ (BSNLEU/NFTE) ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. ത്യാഗോജ്വലമായ പോരാട്ടങ്ങളുടെ ജീവനക്കാർ നേടിയെടുത്ത നിരവധി ആനുകൂല്യങ്ങളും അവകാശങ്ങളും അംഗീകൃത യൂണിയനുകൾ മാനേജുമെന്റിനു മുന്നിൽ അടിയറവു വെച്ചു. BSNL ന്റെ പശ്ചാത്തലസൗകര്യങ്ങൾ ചുളുവിലക്ക് ബഹുരാഷ്ട്രകുത്തകകൾക്ക് വിറ്റു തുലയ്ക്കുന്ന കേന്ദ്രസർക്കാരിന്റെ ജനദ്രോഹനടപടികൾക്കെതിരെ ശക്തമായി പ്രതികരിക്കുന്നതിലും അതുവഴി അത്തരം പൊതുമേഖലാ വിരുദ്ധ നടപടികൾ തടയുന്നതിലും അവർ അമ്പേ പരാജയപ്പെട്ടിരിക്കുകയാണ്. P&T, DOT കാലഘട്ടങ്ങളിൽ ഫെഡറേഷനുകൾ (FNTO, NFTE, BTEF) ജീവനക്കാരുടെ അവകാശങ്ങൾ മാനേജുമെന്റുമായി വിലപേശി വാങ്ങിയിരുന്നത് ഇത്തരുണത്തിൽ സ്മരണീയമാണ്. ഈ പശ്ചാത്തലത്തിൽ കഴിഞ്ഞ 20 വർഷം തുടർച്ചയായി അംഗീകൃതയൂണിയനായിരിക്കുന്ന BSNLEU ന്റെയും കഴിഞ്ഞ 11 വർഷമായി അംഗീകൃത യൂണിയനായിരിക്കുന്ന NFTE യുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും രഹസ്യ ബാലറ്റിലൂടെ തങ്ങൾക്കിഷ്ടമുള്ള യൂണിയനെ തിരഞ്ഞെടുക്കുന്നതിനുമുള്ള സുവർണ്ണാവസരമാണിപ്പോൾ കൈവന്നിരിക്കുന്നത്. ഈ സാഹചര്യത്തിൽ 2022 ഒക്ടോബർ മാസം 12 ന് നടക്കുന്ന 9-ാം റഫറണ്ടത്തിൽ ഒരു മാറ്റത്തിന്, നഷ്ടപ്പെട്ടവ തിരിച്ചുപിടിക്കുന്നതിന്, അംഗീകൃത യൂണിയനുകൾ മനഃപൂർവ്വം അടിയറവ് വെച്ച ജീവനക്കാരുടെ ദീർഘകാലമായി പരിഹരിക്കപ്പെടാതെ കിടക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മനസ്സാക്ഷിയെ വഞ്ചിക്കാതെ നിങ്ങളുടെ സമ്മതിദാന അവകാശം വിനിയോഗിക്കണമെന്ന് ഞങ്ങൾ സവിനയം അഭ്യർത്ഥിക്കുന്നു.

### 3–ാം ശമ്പളപരിഷ്കരണം

- ♦ BSNL ജീവനക്കാർക്ക് 3-ാം ശമ്പള പരിഷ്കരണത്തിന് 1.1.2017 മുതൽ അർഹത.
- ♦ ജസ്റ്റിസ് സതീഷ് ചന്ദ്ര അദ്ധ്യക്ഷനായി 2016 ജൂൺ 9 ന് പൊതുമേഖലാസ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് ജീവനക്കാർക്ക് വേണ്ടി ശമ്പളപരിഷ്കരണസമിതി രൂപീകരിക്കുന്നു.
- ♦ 2.12.2016-ൽ സതീഷ് ചന്ദ്ര സമിതി റിപ്പോർട്ട് സമർപ്പിക്കുന്നു.
- ♦ 15% ഫിറ്റ്മെന്റോടെ ലാഭത്തിലോടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്കു മാത്രം ശമ്പളപരിഷ്കരണം നടത്താൻ ശുപാർശ.
- ♦ നോൺ എക്സിക്യൂട്ടീവ് ജീവനക്കാരുടെ ശമ്പളപരിഷ്കരണസമിതി ശ്രീ. എച്ച്.സി. പന്ത് ചെയർമാനായി 20.07.2018 ൽ രൂപീകരിക്കുന്നു.
- ♦ 10.09.2018-ൽ ആദ്യ ചർച്ച. പിന്നീട് മൂന്നുവട്ടം ചർച്ച (28.09.2018, 9.10.2018, 29.11.2018)
- ♦ 0% ഫിറ്റ്മെന്റ് സമ്മതിച്ച് അംഗീകൃത യൂണിയനുകൾ മാനേജുമെന്റിന് കത്ത് കൊടുക്കുന്നു. 0% ഫോർമുല കൊണ്ട് ഒരു രൂപയുടെ പോലും ഗുണം ഉണ്ടാവില്ല. 0% ഫിറ്റ്മെന്റ് DPE മാർഗ്ഗനിർദ്ദേശങ്ങൾക്ക് എതിരാണ്. 5%, 10%, 15% എന്നിങ്ങനെയാണ് DPE യുടെ മാർഗ്ഗനിർദ്ദേശങ്ങൾ. രണ്ടുവട്ടം ചർച്ച കഴിഞ്ഞ് 5% ഫിറ്റ്മെന്റ് വേണമെന്നാവശ്യപ്പെട്ട് മാനേജ്മെന്റിന് കത്തു നൽകി അംഗീകൃതയൂണിയനുകൾ ജീവനക്കാരെ വിഡ്ഢികളാക്കി. 0% ഫിറ്റ്മെന്റ് പോലും അംഗീകരിപ്പിക്കുവാൻ അംഗീകൃത യൂണിയനുകൾക്ക് സാധിച്ചില്ല.
- ♦ 2019ൽ FNTO/BTEF യൂണിയനുകളുടെ ആഭിമുഖ്യത്തിൽ നടന്ന സമരത്തെ തുടർന്ന് 5% ഫിറ്റ്മെന്റ് തരുവാൻ മാനേജുമെന്റ് സമ്മതിച്ചിരുന്നു. ഇത് പക്ഷേ അംഗീകൃതയൂണിയനുകൾ സമ്മതിച്ചില്ല.
- ♦ 0% ഫോർമുല അനുസരിച്ച് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ മൂന്നിരട്ടിയാകുമെന്ന് BSNLEU ജനറൽ സെക്രട്ടറി ശ്രീ അഭിമന്യു ആന്ധ്രസമ്മേളനത്തിൽ തട്ടിവിട്ടു. അദ്ദേഹത്തിന്റെ ഗണിതശാസ്ത്ര പാണ്ഡിത്യം അപാരം! ഇതു കടുത്ത തൊഴിലാളിവഞ്ചനയായിരുന്നു.

- 1.1.2007 മുതൽ ഡോ. മൻമോഹൻസിംഗിന്റെ സർക്കാർ 30% ഫിറ്റ്മെന്റ് നൽകി. ഇത് ചരിത്രത്തിലെ ഏറ്റവും വലിയ വർദ്ധന.
  ശമ്പളം പരിഷ്കരിക്കാത്തത് സർവീസിലുള്ളവർക്കും പെൻഷൻകാർക്കും ഒരുപോലെ കനത്ത നഷ്ടം. BSNL ജീവനക്കാരേ, അംഗീകൃത യൂണിയനുകളുടെ ഈ തൊഴിലാളി വഞ്ചനക്കെതിരെ ബാലറ്റിലൂടെ ശക്തമായി പ്രതികരിക്കുക.

## പ്രമോഷൻ പരീക്ഷകൾ (JTO LICE/JE LICE) സമയബന്ധിതമായി നടപ്പിലാക്കുക

- പ്രമോഷൻ പരീക്ഷകൾ സമയബന്ധിതമായി നടത്താത്തതുകൊണ്ട് താഴെക്കിടയിലുള്ള ജീവനക്കാർക്ക് പ്രമോഷൻ സാദ്ധ്യതകൾ നഷ്ടപ്പെടുന്നു.
- JE LICE പരീക്ഷക്ക് 5 വർഷം പൂർത്തിയാക്കുന്ന ജീവനക്കാർക്ക് അപേക്ഷിക്കുവാൻ കഴിയില്ല. cut of date ജനുവരിക്കു പകരം ജൂലൈ ആക്കിയാൽ കൂടുതൽ ജീവനക്കാർക്ക് അവസരം കിട്ടും.

## 1.1.2007 ന് ശേഷം സർവ്വീസിൽ പ്രവേശിച്ചവർക്ക് കുറഞ്ഞ ശമ്പളം

- 1.1.2007 ന് ശേഷം സർവീസിൽ പ്രവേശിച്ചവർക്ക് ശമ്പളപരിഷ്കരണത്തിന് ശേഷം ലഭിക്കുന്നത് കിട്ടിയിരുന്നതിനേക്കാൾ കുറഞ്ഞ ശമ്പളം.
- ശമ്പളപരിഷ്കരണം വന്നാൽ ശമ്പള വർദ്ധനയാണ് ലഭിക്കേണ്ടത്.
- BSNLEU ന്റെ കരാറനുസരിച്ച് (രണ്ടാം ശമ്പളപരിഷ്കരണം) ശമ്പളം കുറയും. ഈ കുറവ് പരിഹരിക്കുവാൻ JE(TTA) മാർക്ക് ഒരു ഇൻക്രിമെന്റ് നൽകി. എന്നാൽ സമാനനഷ്ടം നേരിടുന്ന Sr. TOA/TT/ATT വിഭാഗങ്ങൾക്ക് ഈ ആനുകൂല്യം നൽകിയില്ല. ഇതേ പ്രശ്നം നേരിട്ട എക്സിക്യൂട്ടീവ് ജീവനക്കാർക്ക് (JAO/JTO) ഈ സ്ഥാനത്ത് 5 ഇൻക്രിമെന്റാണ് നൽകിയത്. ഈ അനീതി പരിഹരിക്കുവാൻ അംഗീകൃത യൂണിയനുകൾ എന്തുചെയ്തു?

## BSNL ന് 4G/5G അനുവദിക്കുക

സ്വദേശീയ സാങ്കേതിക വിദ്യ വേണമെന്ന് നിർബന്ധം കാരണം BSNLന് ഇതുവരെ 4G സ്പെക്ട്രം അനുവദിച്ചിട്ടില്ല. സ്വകാര്യകമ്പനികൾ 5G ആരംഭിച്ചു. ഇന്ത്യയിൽ 4G സാങ്കേതികവിദ്യ കുറ്റമറ്റരീതിയിൽ വികസിപ്പിച്ചിട്ടില്ല. സ്വകാര്യ കമ്പനികൾക്ക് സാങ്കേതികവിദ്യയും ഉപകരണങ്ങളും വിദേശകമ്പനികളിൽനിന്നു വാങ്ങാം. രാജ്യസുരക്ഷ പ്രശ്നമല്ല. 4G നിഷേധിച്ച് BSNLനെ കഴുത്തു ഞെരിച്ച് കൊന്ന് സ്വകാര്യ കമ്പനികൾക്ക് കൈമാറാൻ കേന്ദ്രസർക്കാർ നീക്കം.

- **1.1.2004 ന് മുമ്പ് റിക്രൂട്ട് ചെയ്ത് BSNL ൽ നിയമനം ലഭിച്ച ജീവനക്കാർക്ക് ഗവൺമെന്റ് പെൻഷൻ അനുവദിക്കുക.**
- **BSNL റിക്രൂട്ട് ചെയ്ത ജീവനക്കാർക്ക് 30% റിട്ടയർമെന്റ് ആനുകൂല്യം നൽകുക.**
- **BSNL ഹെൽത്ത് ഇൻഷൂറൻസ് പോളിസിയുടെ മുഴുവൻ പ്രീമിയവും BSNL വഹിക്കുക.**

## BSNL ജീവനക്കാർക്ക് മെച്ചപ്പെട്ട പ്രമോഷൻ പദ്ധതി ആവിഷ്കരിക്കുക

- എക്സിക്യൂട്ടീവിന് 4-5-5-5-5 വർഷങ്ങളിൽ 5 പ്രമോഷൻ.
- എന്നാൽ എക്സിക്യൂട്ടീവിന് 4-7-8-8 വർഷങ്ങളിൽ പ്രമോഷൻ -10-2000 നു ശേഷം സർവ്വീസിൽ പ്രവേശിച്ചവർക്ക് 8-8-8-8 വർഷങ്ങളിൽ മാത്രം പ്രമോഷൻ.
- നോൺ എക്സിക്യൂട്ടീവ് ജീവനക്കാർക്ക് പ്രമോഷൻ എന്ന പേരിൽ ലഭിക്കുന്നത് ഒരു ഇൻക്രിമെന്റ് മാത്രം.
- ഒരു സ്ഥാപനത്തിൽ പലതരം പ്രമോഷനുകൾ. അംഗീകൃത യൂണിയനുകൾക്ക് മൗനം.
- BSNLEU ന്റെ ചരിത്രപരമായ മണ്ടത്തരം മൂലം നോൺ എക്സിക്യൂട്ടീവ് ജീവനക്കാർക്ക് നീതി നിഷേധിക്കപ്പെട്ടു.

## BSNLEU/NFTE യൂണിയനുകൾ അടിയറവ് വെച്ച ആനുകൂല്യങ്ങൾ

- ജീവനക്കാർ കാലങ്ങളായി അനുഭവിച്ചുവന്ന ആനുകൂല്യങ്ങൾ ഒന്നൊന്നായി നഷ്ടപ്പെട്ടു.
- ബോണസ്സ്-ലാഭമില്ലെങ്കിൽ ബോണസ് നൽകേണ്ടതില്ലെന്ന് BSNLEU കരാറുണ്ടാക്കിയതുമൂലം 2009 മുതൽ BSNL ജീവനക്കാർക്ക് ബോണസ്സ് ലഭിക്കുന്നില്ല.
- ആശ്രിതനിയമനം-P & T, DOT കാലഘട്ടങ്ങളിൽ ഉപാധികളില്ലാതെ ആശ്രിതനിയമനം നൽകി. BSNLEU ഒപ്പുവെച്ച പുതിയ പോയിന്റ് സമ്പ്രദായമനുസരിച്ച് അർഹരായ ഭൂരിപക്ഷം പേർക്കും ആശ്രിതനിയമനം നിഷേധിക്കപ്പെട്ടു. 2019 മുതൽ ആശ്രിതനിയമനം മരവിപ്പിച്ചു.
- രണ്ടാം ശമ്പളപരിഷ്കരണത്തിനുശേഷം HRA, TA, Conveyance Allowance തുടങ്ങിയവ പരിഷ്കരിക്കുവാൻ നടപടി സ്വീകരിച്ചില്ല.
- HBA, സ്കൂട്ടർ അഡ്വാൻസ്, കമ്പ്യൂട്ടർ അഡ്വാൻസ് പൂർണ്ണമായും നിർത്തലാക്കി.
- 2019 മുതൽ 2022 വരെ ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭിച്ചില്ല.
- Sr. TOA, ATT കേഡറുകളെ Dying കേഡറാക്കി.
- LTC 2010 മുതൽ നിർത്തലാക്കി.
- Sr. TOA, JE (TTA), TT, Driver എന്നീ വിഭാഗങ്ങൾക്ക് സമയബന്ധിതമായ ശമ്പളപരിഷ്കരണവും അർഹമായ പ്രമോഷനും ഉറപ്പുവരുത്തുന്നതിൽ പരാജയപ്പെട്ടു

ഈ സ്ഥിതി വിശേഷം തുടരണമോയെന്ന നിർണ്ണായകതീരുമാനമാണ്. BSNL ജീവനക്കാർ 12.10.22-ൽ എടുക്കേണ്ടത്. 20 വർഷം BSNLEUവിനും 11 വർഷം NFTEക്കും അംഗീകാരം നൽകി ജീവനക്കാർ വഞ്ചിക്കപ്പെട്ടു. ഈ കാലഘട്ടത്തിൽ 10,000 കോടി രൂപ ലാഭത്തിൽനിന്നും 12000 കോടി രൂപ നഷ്ടത്തിലേക്ക് BSNL കൂപ്പുകുത്തി. ഇനി നഷ്ടപ്പെടുത്താൻ നമുക്ക് സമയവുമില്ല, അവകാശങ്ങളുമില്ല.

തൊഴിലാളിവർഗ്ഗസ്നേഹവും വിപ്ലവ വായാടിത്തവും പുലമ്പി ജീവനക്കാരുടെ നിരവധി ആനുകൂല്യങ്ങളും അവകാശങ്ങളും മാനേജുമെന്റിനു മുന്നിൽ അടിയറ വെച്ച, റിലയൻസ് ഉൾപ്പെടെയുള്ള കോർപ്പറേറ്റുകളുടെ താല്പര്യങ്ങൾക്ക് വഴങ്ങി ദേശദ്രോഹകരാറുകൾക്ക് മൗനാനുവാദം നൽകുന്ന BSNLEUവിന്റെ കാപട്യം തിരിച്ചറിയുക. BSNL ന് അർഹമായ സാമ്പത്തിക സഹായങ്ങളും ആനുകൂല്യങ്ങളും സർക്കാരിൽനിന്നും പിടിച്ചുവാങ്ങുന്നതിനും പരിഹരിക്കപ്പെടാതെ കിടക്കുന്ന ദീർഘകാല പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുന്നതിനും 2022 ഒക്ടോബർ 12 ന് നടക്കുന്ന 9-ാം റഫറണ്ടത്തിൽ NUBSNLW (FNTO)വിനെ ദീപം അടയാളത്തിൽ വോട്ടു രേഖപ്പെടുത്തി വിജയിപ്പിക്കണമെന്ന് സവിനയം അപേക്ഷിക്കുന്നു.

**നമ്മുടെ ചിഹ്നം**

അഭിവാദനങ്ങളോടെ,

| | | |
|---|---|---|
| തൃശൂർ | പി.ഐ. വിൻസെന്റ് | കെ. രാംദാസ് |
| 26/09/22 | (സർക്കിൾ പ്രസിഡണ്ട്) | (സർക്കിൾ സെക്രട്ടറി) |

**ദീപം**

**Sl.No. 14**